PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 5 • ISSUE : 3 MARCH 2011

## എഡിറ്റോറിയൽ

# വലിയ നോമ്പ്

ഓർത്തഡോക്സ് സഭയുടെ ആരംഭകാലം മുതൽ തന്നെ വലിയനോമ്പിന് വളരെ പ്രാധാന്യം കൊടുത്തിരുന്നു. ശാരീരിക ആവശ്യങ്ങൾ നിയന്ത്രിച്ച്, ധ്യാനത്തിലും, പ്രാർത്ഥനയിലും മുഴുകുമ്പോൾ ആത്മീയ ഉണർവ്വ് ഉണ്ടാകുകയും ദൈവസാമീപ്യം അനുഭവപ്പെടുകയും ചെയ്യും. ഭക്ഷണകാര്യങ്ങളിൽ സഭാനിശ്ചയപ്രകാരമുള്ള ക്രമീകരണങ്ങൾ വരുത്തുകയും, കഴിവതും ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം സമയം ചെലവഴിക്കുകയും ചെയ്യുകയാണ് നോമ്പിൽ നമുക്കാവശ്യം. അങ്ങനെ ചെയ്താൽ മനസ്സിനെ നിയന്ത്രിക്കാനും, അത്യാഗ്രഹങ്ങളെ ഒതുക്കി നിർത്തുവാനും സാധിക്കും.

നോമ്പുകാലത്ത് നാം സ്ഥിരമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും സുഖസൗകര്യങ്ങൾ വേണ്ടെന്നുവയ്ക്കുന്നത് ആത്മനിയന്ത്രണത്തിനുള്ള ആക്കം കൂട്ടുവാനാണ്. നോമ്പുകാലത്ത് മാംസം ഉപയോഗിക്കുന്നത് സഭ അനുവദിക്കുന്നില്ല. ഇങ്ങനെയുള്ള വിലക്കുകൾ നമ്മുടെ മനസ്സിനെ നിയന്ത്രിക്കാനുള്ള കഴിവുണ്ടാക്കുവാനാണ്. മത്സ്യമാംസാദികൾ ഒരിക്കലും ഉപയോഗിക്കാത്ത ഒരുവന് ഇത് ഒരു പ്രയോജനവും ചെയ്യുകയില്ല. അതുകൊണ്ടാണ് വിവിധതരത്തിലുള്ള നിയന്ത്രണങ്ങൾ നോമ്പുകാലങ്ങളിൽ സഭ അനുശാസിക്കുന്നത്. മലങ്കര സഭയുടെ ആരംഭകാലംമുതൽ സഭാംഗങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത് നോൺ വെജിറ്റേറിയൻ ഭക്ഷണമായിരുന്നു. അതുകൊണ്ടായിരിക്കണം അന്നൊക്കെ ഇത്തരത്തിലുള്ള എല്ലാ ഭക്ഷണസാധനങ്ങളും നോമ്പിൽ സഭ വിലക്കിയിരുന്നത്.

പല പേരുകളിലായി നോമ്പുകാലം എല്ലാ സമുദായങ്ങൾക്കുമുണ്ട്. ഹിന്ദുമത വിശ്വാസമനുസരിച്ച് വല്ലപ്പോഴുമുള്ള ഉപവാസം ശരീരത്തെയും ആത്മാവിനെയും കൂടുതൽ അടുപ്പിക്കും. മുസ്ലീം സമുദായാംഗങ്ങൾ റമദാൻ മാസം പകൽ മുഴുവൻ ഉപവസിക്കാറുണ്ട്. അതിൽ നിന്ന് മിച്ചമുണ്ടാകുന്ന തുക അവർ ദാനധർമ്മത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. ജയിൻ സമൂഹം 'പരിയുഷൻ പർവ്വ' എന്ന ഉപവാസ ഉത്സവം തന്നെ നടത്തുന്നു. ഇതെല്ലാം കാണിക്കുന്നത് ദൈവസാമീപ്യത്തിൽ കൂടിയുള്ള ആത്മീയ ചൈതന്യം ലഭിക്കുന്നതിന് നോമ്പ് പ്രധാന ഉപാധിയാണെന്നാണ്.

നോമ്പിന്റെ രാജാക്കന്മാരായി അറിയപ്പെട്ടിരുന്ന മോശെയും ഏലിയാവുമാണല്ലോ മറുരൂപമലയിൽ യേശുക്രിസ്തുവിന് പ്രത്യക്ഷപ്പെട്ടത്. അവിടെയുണ്ടായ ആത്മീയചൈതന്യം അവരുടെ വസ്ത്രങ്ങൾ പോലും വെട്ടിത്തിളങ്ങുവാൻതക്കവണ്ണമുള്ളതായിരുന്നു (മത്താ 17:2 - 3). ഇവർ മൂവരും നാല്പതു ദിവസം നോമ്പെടുത്തവരായിരുന്നല്ലോ. വേദപുസ്തകത്തിൽ കാണുന്ന മറ്റു ചിലരും - ദാവീദ്, ദാനിയേൽ, യോഹന്നാൻ സ്നാപകൻ, പൗലോസ് അപ്പോസ്തലൻ എന്നവർ - ഉപവാസം മൂലം ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ കൈക്കൊണ്ട് മാതൃക കാട്ടിയിട്ടുള്ളവരാണ്. രാജാവിനോട് സൈന്യത്തെ ആവശ്യപ്പെടാതെയാണ് നോമ്പിലൂടെ വീണ്ടെടുത്ത ധൈര്യത്താൽ, ധാരാളം ശത്രുക്കളുടെ ഇടയിൽ ബാബിലോൺ - യെരുശലേം പ്രവാസകാലം യഹൂദജനം കഴിച്ചുകൂട്ടിയിരുന്നതെന്നു കാണാം (എബ്രാ 8:21 - 23).

ക്രിസ്തുമതത്തിന്റെ ആരംഭകാലങ്ങളിൽ സെന്റ് തോമസ് ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്ന നമ്മുടെ പിതാക്കന്മാർ, നോമ്പുകാലങ്ങളിൽ വൈകിട്ടുമാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. വർഷംതോറും 225 ദിവസം നോമ്പാചരിച്ചിരുന്ന അവർ നോമ്പിൽ മുഴുവൻ സമയവും വേദപാരായണം, ധ്യാനം, പ്രസംഗം കേൾക്കൽ എന്നിവയിൽ മുഴുകിയിരുന്നു. അന്നൊക്കെ പുകവലി, വെറ്റിലമുറുക്ക് തുടങ്ങിയ നേരമ്പോക്കുകൾ പോലും അവർ നോമ്പിൽ വേണ്ടെന്നുവച്ചിരുന്നു. ഇന്നത്തേതുപോലെ നോമ്പുവീടൽ ആഘോഷിക്കുവാൻ വേണ്ടി നോമ്പാചരിക്കുന്നവരായിരുന്നില്ല നമ്മുടെ പൂർവ്വികർ.

ആഗോളവത്കരണവും, ആധുനികതയും കാരണമായി യുവതലമുറയ്ക്കുവേണ്ടി നോമ്പാചരണത്തിൽ സഭാചട്ടങ്ങൾ ഉദാരമാക്കിയിട്ടുണ്ടെങ്കിലും, ഇപ്പോഴും പഴയ ആചാരങ്ങൾ തുടരുന്ന ധാരാളമാളുകൾ നമ്മുടെ സഭയിലുണ്ട്.

പുറമെനിന്ന് വൈഷമ്യങ്ങളും പരീക്ഷകളും ഉണ്ടാകുമ്പോൾ 'ഉപവാസവും, പ്രാർത്ഥനയും കൊണ്ടല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകയില്ല' (മത്താ 17:21) എന്ന ദൈവവചനം ഓർത്ത് നമുക്ക് നോമ്പാചരണത്തിലും പ്രാർത്ഥനയിലും ശ്രദ്ധിക്കാം. ■

# നീതി ലഭിക്കാൻ അനീതിയോ?

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



നിങ്ങൾ ദൈവത്തിനുവേണ്ടി നീതികേടു സംസാരിക്കുന്നുവോ (ഇയ്യോബ് 13:7).

ഹൃദയം നിറഞ്ഞുകവിയുന്നത് വായ് ഉരുവിടും എന്നാണ് ലോകരക്ഷകന്റെ ഭാഷ്യം. അകവും പുറവും ഒരുപോലെ വെടിപ്പായില്ലെങ്കിൽ നിഷ്ഫലമാണെന്ന് അദ്ദേഹം പറഞ്ഞുതന്നു. ലക്ഷ്യം മാത്രമല്ല, അത് നേടാനുള്ള മാർഗ്ഗവും സംശുദ്ധമാകണമെന്ന് മഹാത്മജി പഠിപ്പിച്ചു.

'വ്യവസ്ഥിതിയിൽ' കുറവുകൾ ഏറെയുണ്ടാവും. അവ തേടിപ്പിടിക്കുന്നവരുടെ എണ്ണം അതിലും കൂടും. വ്യവസ്ഥിതി ശരിയാക്കേണ്ടത് തങ്ങളുടെ ജീവിതവ്രതമാണെന്നു ധരിച്ചിരിക്കുന്നവർ എല്ലാ സമൂഹങ്ങളിലുമുണ്ടാവും. ഇക്കാര്യത്തിൽ നവഭാരതസൃഷ്ടി സ്വപ്നം കണ്ട ഗാന്ധിജി നമുക്കു മാതൃകയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ ധർമ്മയുദ്ധം നയിക്കുമ്പോഴും അതിൽ വിദ്വേഷത്തിന്റെ കണികപോലുമുണ്ടായിരുന്നില്ല. ബഹുമാനം വിട്ട് ഒരു വാക്കുപോലും ആ നാവിൽ നിന്ന് ഉതിർന്നിട്ടില്ല. അദ്ദേഹം വിജയിക്കുകയും ചെയ്തു. അസാധാരണമായ ഈ സംയമനം എതിരാളികളെ പോലും ആശ്ചര്യപ്പെടുത്തി. ഇങ്ങനെയൊരാൾ ഈ ഭൂമിയിൽ സഞ്ചരിച്ചു എന്ന് വരും തലമുറ വിശ്വസിക്കാൻ മടിക്കുമെന്നുവരെ ഒരാൾ എഴുതി.

ഇത് എല്ലാവർക്കും മാതൃകയായിരിക്കണം. ഒരു മനുഷ്യനെയും ആക്ഷേപം വഴി നന്നാക്കാനാവില്ല എന്നത് പരമാർത്ഥമാണ്. 'നിങ്ങൾ വിനയമുള്ളവരാകണം; അല്ലെങ്കിൽ നിങ്ങളെ ഞാൻ'....ഇത്തരം ശൈലി സംസ്കാരത്തിനു നിരക്കുന്നതല്ല.

യേശുമിശിഹാ ആരെയും ആക്ഷേപിച്ചില്ല. എങ്കിലും എത്രയോ പേർ അതുവഴി മാനസ്സാന്തരപ്പെട്ടു! ഇഷ്ടമില്ലാത്തവരെ 'ശരിപ്പെടുത്താൻ' പ്രയോഗിക്കുന്ന തന്ത്രകുതന്ത്രങ്ങളും ആക്ഷേപഹാസ്യവും സ്വഭാവഹത്യയും ആ വ്യക്തിയുടെ അപക്വതയും ദൈവഭയമില്ലായ്മയും അക്ഷമതയും മറ്റും വെളിപ്പെടുത്താൻ പോരുന്നതാണ്. അങ്ങനെ അത്യന്തം നന്നാക്കാൻ സർവ്വായുധവർഗം ധരിച്ച് പോരിനിറങ്ങുന്നവർ സ്വയം അപഹാസ്യനായി ഭവിക്കുന്നു!

ആയുധം കൊണ്ടു മുറിവേൽപ്പിക്കുന്നതിനെക്കാൾ ഭയാനകമാണ് കേട്ടുകൂടാത്തവാക്കാകുന്ന മാരകായുധങ്ങൾ പ്രയോഗിച്ചുള്ള ആക്രമണം. അത് കയ്യാളുന്നവർക്ക് ഗൂഢമായ ഒരു സന്തോഷം തോന്നും. Sadism എന്നാണതിന്റെ പേര്. 'ഈ ചെറിയവരിൽ ഒരുവനേയും ദുഷിക്കരുത്' എന്ന കർതൃകല്പനയുടെ ലംഘനമാണ് ഈ അപവാദവ്യവസായം. ഒരാളിന്റെ ചെയ്തികളോടു യോജിക്കുന്നില്ലെങ്കിൽ സംയമനത്തോടെ അത് ആ വ്യക്തിയെ ബോധ്യപ്പെടുത്തുന്നത് മാന്യത മാത്രമല്ല, ആത്മീകവുമാണ്. 'നിങ്ങളെ തൊടുന്നവൻ അവന്റെ കൃഷ്ണമണിയെ തൊടുന്നു' എന്ന യഹോവയുടെ അരുളപ്പാട് അവഗണിച്ച് അന്യരെ - പ്രത്യേകാൽ അകാരണമായി ദുഷിക്കുന്നവൻ ശിക്ഷാവിധി അനുഭവിക്കുകതന്നെ ചെയ്യും! ■

## കത്തീഡ്രൽ പൂമുഖ നവീകരണം

നമ്മുടെ പള്ളിയുടെ പൂമുഖ പ്രതിഛായയ്ക്ക് ആനുകാലിക മാറ്റം വരുന്ന നിർമ്മാണ പ്രവർത്തനം നടന്നുവരികയാണല്ലോ. കഴിയുന്നതുംവേഗം നിർമ്മാണം പൂർത്തീകരിക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്തുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹകരണം നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് അവസരം ഉണ്ട് എന്നറിയിക്കുന്നു. ഒപ്പം ഏവരുടേയും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

വികാരിയുടെ കത്ത്



# ലഹരിനിറയും രാപകലുകൾ

**ഫാ. പ്രിൻസ് മാത്യു**

മനുഷ്യന്റെ ഇഹലോകജീവിതം പോരാട്ടങ്ങളാൽ നിറഞ്ഞുനില്ക്കുന്നു. ജീവൻ, ജീവിതമായി വളരുന്നതിന് മുമ്പേ തന്നെ ഇത് തുടങ്ങിക്കഴിയുന്നു. ജീവാവസാനംവരെ ഇതൊരു തുടർക്കഥയാകുന്നു. ഭൗതിക ജീവിതസാഹചര്യങ്ങളിലെ കാര്യമാണിത്. ഈ സാഹചര്യങ്ങളിൽ തന്നെയാണ് ആത്മീകമായി ജീവിക്കേണ്ടതും, ജീവിക്കുന്നതും, കുറെയാളുകളെങ്കിലും ജീവിച്ചതും. ആത്മീകതയും പോരാടലുകളുടെ തേരോട്ടങ്ങൾ കൊണ്ട് മുഖരിതമായിരിക്കുന്നു. ഇതിനുള്ള പുണ്യതരവും, പ്രധാനപ്പെട്ടതുമായ ദിനങ്ങളാണ് മറനീക്കി കാഹളം മുഴക്കി സമാഗതമാകുന്നത് – വിശുദ്ധ വലിയനോമ്പ്. പ്രാർത്ഥനയിലും, വ്രതത്തിലും ജീവിച്ച് നിർമ്മലമായ നീതിസങ്കൽപവും, പുണ്യസങ്കൽപവും, വെടിപ്പും പരിചയിച്ച്, പരിശീലിച്ച് ഹൃദയംഗമമായി പുണ്യനടപടികളടങ്ങുന്ന സുകൃതത്തിലേക്ക് സാവധാനം നടന്നുകയറി പൂർണ്ണത പ്രാപിക്കേണ്ട ദിനങ്ങൾ.

കാനാവിലെ കല്ല്യാണഭവനം, നോമ്പ്, അതിന്റെ കാതലിൽ എന്തായിരിക്കണം എന്ന് പഠിപ്പിക്കുന്നു. പച്ചവെള്ളം ലഹരിപിടിച്ചപ്പോഴാണ് വീഞ്ഞായത്. മണവാളന്റെ സാന്നിദ്ധ്യത്തിൽ, മണവാട്ടി സഭ ലഹരി പിടിക്കേണ്ട പ്രത്യേക നാളുകൾ. ഈ കാരണംകൊണ്ടും കൂടിയാകാം പ്രാരംഭദിനവായന കൊത്തിനെ പട്ടണം സംബന്ധിച്ചുള്ളതായത്. അക-പുറ വ്യത്യാസമില്ലാതെ നമ്മിലെ പൂർണ്ണ മനുഷ്യൻ മണവാളനിൽ ലഹരി പിടിക്കുന്ന ഉണർവും ഊർജ്ജസ്വലതയുമുള്ള മണവാട്ടിയാകുന്നു. വെള്ളം വീഞ്ഞായത്, കുറവിൽ നിന്ന് നിറവിലേക്ക് മാറ്റപ്പെട്ടുകൊണ്ടാണ്. ഇല്ലായ്മയിൽ നിന്ന് ഉള്ളതിലേക്കും, ഊഷരതയിൽ നിന്നും ഉർവ്വരതയിലേക്കും പരിവർത്തനം ചെയ്യപ്പെട്ടിട്ടാണ്. തിന്മയിൽ നിന്നും നന്മയിലേക്കുള്ള വളർച്ചയായിട്ടും ഇത് മനസ്സിലാക്കപ്പെടുന്നു. കാത്തു നിന്ന ജനം, പ്രവാചകതലവൻ മോശയുടെ ശോഭിതമുഖത്ത്നിന്ന് വായിച്ചെടുത്തതും, ഈ ലഹരിയല്ലാതെ മറ്റൊന്നല്ല. നിദാനമായത് നാല്പത് പവിത്ര ദിനങ്ങളും. ഇതൊരു ജീവിതശൈലിയും, ജീവനുണ്ടാകാൻ – ലഹരിയുണ്ടാകാനുള്ള വഴിയുമാണ്. ലോകത്തിലാണെങ്കിലും, അതിന്റെ ഇഷ്ടങ്ങളും താൽപര്യങ്ങളുമായി സന്ധിചെയ്യപ്പെടാത്ത പോരാട്ടമാണിത്. അറിവുകളെല്ലാം തിരിച്ചറിവുകളാകുകയും, വെറും കാഴ്ചകളൊന്നുമേ കാണാതെ അവയെല്ലാം ഉൾക്കാഴ്ചകൾക്ക് വഴിമാറുകയും ചെയ്യുന്ന ലഹരി ഊറിയിറങ്ങി നിറയുന്ന രാപകലുകൾ.

കല്ല്യാണവീട്ടിൽ യേശുവും ക്ഷണിക്കപ്പെട്ടിരുന്നെന്നാണ് നാം വായിക്കുന്നത്. അല്ലെങ്കിലും അവനെന്നും അങ്ങനെയായിരുന്നു, മനുഷ്യരുടെ കൂടെ – സാധാരണ മനുഷ്യരുടെയിടയിൽ. കാനാവിലെ മണവാളനും, മണവാട്ടിയും പ്രഭുകുടുംബജാതരേക്കാൾ ഐഹിക സമ്പത്ത് കുറഞ്ഞവരായിരുന്നെന്നാണ് പിതാക്കന്മാരുടെ പക്ഷം. എന്നിട്ടും മണവാളൻ 'പൂർണ്ണനും' മണവാട്ടി 'ശ്രേഷ്ഠ'യുമായത് അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെയും, സാന്നിദ്ധ്യത്തിന്റെയും മൂല്യം ഒന്നുകൊണ്ടു മാത്രം. അതിഥിയായി വന്ന് ആതിഥേയനായി മാറി മുഴുവന്റെയും നടത്തിപ്പുകാരനായി അവൻ മാറുന്ന മറ്റൊരു സംഭവം. മണവാളനും, മണവാട്ടിയും, ക്ഷണിക്കപ്പെട്ടവരും, ക്ഷണിച്ചവരും എന്തിന് വെള്ളം പോലും ലഹരിയിലാകുന്നു. കുറവുകൾ മുഴുവൻ അവനറിഞ്ഞോട്ടെയെന്ന് വരുന്നു. എത്ര വലുതായാലും, ചെറുതായാലും കുറവുണ്ടെന്ന് അവനറിഞ്ഞിരുന്നു എന്ന് പറുയന്നതാവും ശരി. മറ്റു തിരക്കുകളുണ്ടായിട്ടും ലഹരിയായി അവനും കൂട്ടരും വന്നത് അതുകൊണ്ടാകാം. ഇല്ലായ്മകളും, പോരായ്മകളും അവനറിയട്ടെ. പോരായ്മകളുടെ വേദനയും, നോവും നാമറിയുകയും, അവന്റെ സാന്നിദ്ധ്യം നാം ആഗ്രഹിക്കുകയും ചെയ്താൽ ലഹരികണക്കെ അവൻ നിറയുന്നത് കാണാം.

യഹൂദസംസ്കാരത്തിൽ വിവാഹം ഏറെ മോടിയായി നടത്തിയിരുന്നെന്നാണ് വായിക്കുന്നത്. ആഘോഷങ്ങളിൽ അതത് ഗ്രാമങ്ങൾ / പട്ടണങ്ങൾ മുഴുവൻ പങ്കുകൊണ്ടിരുന്നു. ആ ചെറുപട്ടണത്തിലെ സാധാരണ മനുഷ്യർ അവന്റെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടിരുന്നു. കൂടെ നടക്കാൻ താത്പര്യപ്പെട്ടിരുന്നു, അവരത് നന്നായി ആസ്വദിക്കുകയാണ്. ചുറ്റുപാടിലെ ഇവിടെ എല്ലാവരും, അവനായിരിക്കുന്നിടത്തുണ്ട്. വെള്ളം ചൈതന്യം പ്രാപിച്ച്, സൗരഭ്യവും, മാധുര്യവും, ഗുണസമൃദ്ധിയുമുള്ള വീഞ്ഞായി. പിതാക്കന്മാർ പറഞ്ഞിരിക്കുന്നത്, ആട്ടവും, പാട്ടും നൃത്തവുമായി തിമർത്തിരുന്ന കല്യാണവേദിയിലെ ആരവങ്ങൾ സ്തുതിയും, സ്തോത്രവുമായി രൂപാന്തരപ്പെട്ടെന്നാണ്. സദസ്സു മുഴുവൻ അവങ്കലേക്ക് തിരിയുകയും, അവന്റെ അത്ഭുതവും, നന്മകളും കണ്ടറിഞ്ഞ്, ലഹരി നിറഞ്ഞ് അവയെ വർണ്ണിക്കുകയും ചെയ്യുന്നു. നിറയേണ്ട ലഹരിയാൽ നിറയുമ്പോഴുണ്ടാകുന്ന മാറ്റം ഇതാണ്. ഭൗമിക മണവാളൻ / മണവാട്ടി ലഹരിപിടിക്കുന്നത് സ്വർഗ്ഗീയ മണവാളനിലാണ്, പോരായ്മകൾ തിരുമുമ്പാകെ അവതരിപ്പിച്ചതുകൊണ്ടാണ്. മോശയും ഏലിയായുമെല്ലാം നാൽപതു ദിനം വേദിയാക്കി ലഹരി പിടിച്ചവരിൽ പെടുന്നു. സഭയുടെ മണവാളനും ഈ മാതൃകയും അതിലെ സൗന്ദര്യവും കലവറയില്ലാതെ കാട്ടിത്തന്നിട്ടുണ്ട്. ആരാധനാസമൂഹം അവനിൽ മുഴുകേണ്ടുന്ന ദിനങ്ങളാണിനി. ആത്മീക മണവറയ്ക്കു യോഗ്യരാകാൻ മണവാട്ടി സഭയും അവനിൽ ലഹരിപിടിക്കേണ്ടിയിരിക്കുന്നു. ■

# A Tale of Two Seas

Sitting in the Geography class in school, I remember how delighted I was when we were being taught all about the Dead Sea. As you probably recall, the Dead Sea is really a Lake, not a sea. Its so high in salt content that the human body can float easily. You can almost lie down and read a book! The salt in the Dead Sea is as high as 35%-almost 10 times the normal ocean water. And all that saltiness has meant that there is no life at all in the Dead Sea. No fish. No vegetation. No sea animals. Nothing lives in the sea and hence the name Dead Sea.

While the Dead Sea has remained etched in my memory, I don't seem to recall learning about the Sea of Galilee in my school Geography lesson. So when I heard about the Sea of Galilee and the Dead Sea and the tale of the two seas, I was fascinated. Sea of Galilee is just north of the Dead Sea. Both the Sea of Galilee and the Dead Sea receive their water from river Jordan. And yet, they are very, very different. Unlike the Dead Sea, the Sea of Galilee is pretty resplendent with rich, colourful marine life. There are lots of plants. and lots of fish too. In fact, the sea of Galilee is home to over twenty different types of fishes.

Same region, same source of water, and yet while one sea is full of life, the other is dead. How come? Here apparently why. The River Jordan flows into the Sea of Galilee and then flows out. The water simply passes through the Sea of Galilee in and then out - and that keeps the Sea healthy and vibrant, teeming with marine life. But the Dead Sea is so far below the mean sea level, that it has no outlet. The water flows in from the river Jordan, but does not flow out. There are no outlet streams. It is estimated that over 7 million tons of water evaporate from the Dead Sea every day, leaving it salty. Too full of minerals. And unfit for any marine life. The Dead Sea takes water from the River Jordan, and holds it. It does not give. Result? No life at all. To a certain extent people are like the Dead Sea.

Life is not just about getting. Its about giving. We need to be a bit like the Sea of Galilee. We are fortunate to get wealth, knowledge, love and respect. But if we don't learn to give, we could all end up like the Dead Sea. The love and the respect, the wealth and the knowledge could all evaporate. Like the water in the Dead Sea. If we get the Dead Sea mentality of merely taking in more water, more money, more everything the results can be disastrous. Make sure that in the sea of your old life you have many outlet for love and wealth. Giving is gracious than receiving. Then you will open the floodgates of happiness and experience the magic of life.

**M.V. Mathew, Mannumkal**

## സഭാ വിശേഷങ്ങൾ

# നസ്രാണി സംഗമം - ഏപ്രിൽ 10ന്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാദിനാചരണത്തോടനുബന്ധിച്ച് എറണാകുളം മറൈൻഡ്രൈവിൽ നസ്രാണി സംഗമം നടത്തുന്നു. ബൈബിൾ തർജ്ജമയുടെ ഇരുന്നൂറാം വാർഷികം, കാതോലിക്കാദിനം, പൗരസ്ത്യ കാതോലിക്കയായി സ്ഥാനാരോഹണം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായ്ക്കു സ്വീകരണം എന്നിവ സംഗമത്തിന്റെ ഭാഗമായിരിക്കും. മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം മുഖ്യാതിഥിയായിരിക്കും. സംഗമത്തിനു മുമ്പുള്ള ഒരു മണിക്കൂർ (3pm മുതൽ 4 pm വരെ) അദ്ദേഹം MGOCSM അംഗങ്ങളുമായി സംവദിക്കും. 'സംഗമ' നടത്തിപ്പിന്, തോമസ് മാർ അത്താനാസിയോസ്, മാത്യൂസ് മാർ സേവേറിയോസ്, വൈദിക ട്രസ്റ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു.

**ഓഫീസ് അഡ്രസ്:** നസ്രാണി സംഗമം, റെഡ് റോസ് അപ്പാർട്മെന്റ്, ഇളംകുളം റോഡ്, കലൂർ, കൊച്ചി-682017. ഫോൺ: 0484 2534281.

## ഭദ്രാസന വിശേഷങ്ങൾ

# മെൽത്തോ 2011

ഈ വർഷത്തെ എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ, മെൽതോ 2011, ഫെബ്രുവരി 18, 19, 20 തീയതികളിൽ രാജേന്ദ്ര മൈതാനിയിൽ നടന്നു. അഭി. ഡോ. തോമാസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത ഈ ആത്മീയ സംഗമം മൂന്നു ദിവസവും അനുഗ്രഹനിറവിലാണ് നടത്തപ്പെട്ടത്. അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ ആശംസകളർപ്പിച്ചു. ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ സമാപന സന്ദേശത്തോടെ കൺവൻഷൻ സമാപിച്ചു.





## കുടുംബ വിശേഷങ്ങൾ

# കുരിശ് കൂദാശ

കത്തീഡ്രലിന്റെ, ചിറ്റൂർ റോഡ് ചാപ്പലിനോട് ചേർന്ന് പുതുതായി പണികഴിപ്പിച്ച കുരിശിൻതൊട്ടിയുടെ കൂദാശാകർമ്മം ഫെബ്രുവരി 27ന് ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് നിർവ്വഹിച്ചു. സെമിത്തേരിമുക്കിൽ അഭി. തിരുമേനിക്ക് നൽകിയ സ്വീകരണത്തിലും, സന്ധ്യാനമസ്കാരത്തിലും, പ്രതിഷ്ഠാകർമ്മത്തിലും ഒരു വലിയ കൂട്ടം വിശ്വാസികൾ സംബന്ധിച്ചു.





# വിനോദയാത്ര

കത്തീഡ്രൽ ഇടവകയിലെ വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്താറുള്ള വിനോദയാത്ര ഇത്തവണയും ഫെബ്രുവരി 24 ന് സന്തോഷപ്രദമായി നടന്നു. 40-ൽപരം അംഗങ്ങൾ പങ്കെടുത്തു.



# കത്തീഡ്രൽ ഫാമിലി അസോസിയേഷൻ

സെന്റ് മേരീസ് കത്തീഡ്രൽ ഫാമിലി അസോസിയേഷന്റെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഒരു യോഗം ഫെബ്രുവരി 12-ാം തീയതി കത്തീഡ്രൽ പാരീഷ്ഹാളിൽ കൂടി അസോസിയേഷന്റെ മുമ്പോട്ടുള്ള പ്രവർത്തനത്തെപ്പറ്റി ആശയവിനിമയം നടത്തി. തുടർന്ന് അസോസിയേഷന്റെ പുതിയ ഭാരവാഹികളായി ശ്രീ. തോമസ് പോളിനെ പ്രസിഡന്റായും ശ്രീ. എം.ജി. തങ്കച്ചൻ, ശ്രീ. ബഹനാൻ ഫിലിപ്പോസ്, ശ്രീമതി എൽസി ജോബ്, ശ്രീമതി മറിയാമ്മ മാത്യു എന്നിവരെ വൈസ് പ്രസിഡന്റുമാരായും, ശ്രീ പെറ്റ്സൻ പീറ്ററിനെ സെക്രട്ടറിയായും, ശ്രീ. ടി.ജെ. ചാക്കോ, ശ്രീ. എം.വി. പൗലോസ് എന്നിവരെ ജോയന്റ് സെക്രട്ടറിമാരായും ശ്രീ. ജിജി എബ്രഹാമിനെ ട്രഷറർ ആയും തിരഞ്ഞെടുത്തു.

പിന്നീട് അംഗങ്ങളുടെ കൂട്ടായ തീരുമാനപ്രകാരം അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മൂന്നു മൂന്നുനോമ്പിനോടനുബന്ധിച്ച് ഉച്ചഭക്ഷണവും, നാല് ഞായറാഴ്ചകളിൽ കുർബ്ബാനയ്ക്കുശേഷം കാപ്പിയും ലഘുഭക്ഷണവും നൽകുന്നതിലേക്കുള്ള ചെലവ് ഏറ്റെടുക്കുകയും ചെയ്തു. വരുംകാലങ്ങളിൽ അസോസിയേഷന്റെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾക്കായി കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും തീരുമാനിച്ചു.

സെക്രട്ടറി, പെറ്റ്സൺ പീറ്റർ



# THE BLUE UMBRELLA

Laden with serpents, sea creatures and countless fish,
At times, even buried treasures of yore, ever so rich,
Water sprites and monsters, and the great King Neptune's
Castle deep beneath and mermaids putting forth tunes

All things come together to form life in her womb
Though, indeed, for lost pirates, a most fearful tomb.
Blue, blue, is she-like an umbrella-blue
A great expanse and ever constant is she-so blue

Decades ago, one man set out - the great Columbus
To discover Indians, but instead found the present U.S.
Closer home, a passage was found by the Portugese and the Dutch,
Via the trade of spices, ornaments, artifacts and such.

At last, though, subdued by the Royal Town-Her Majesty's;
Subdued as a nation and forcefully put to slavery
Today, we recount the tale of how we fought and won with bravery
So, you see, how history has been made upon the waves of the sea.

Few are brave enough to venture out, when in her foulest mood
Her fury can devour the bravest sailor-be he ever so clever and shrewd
Yarns of tragedy, horror, of Leviathan, are spun by the fireplace
Of distant lands and wonders seen, once lured-man's appetite never fails to blaze.

Beware, mortal man of her icy hand - sure death awaits!
'Those-Captives of her blind rage, under a dark sky-
She feeds on our desires-our lust for the gates
Of adventure-mere play of fate, leading to certain doom
Behold, lighting flashes, hush, the thunder goes boom.

The earth trembles, Neptune raises his mighty scepter
He roars a mighty roar and hushes man's useless banter
God speaks and evident is his black ire
'gainst man, mere man and his unquenchable desire
for power, and the wrongs he has wrought on creation.

May man be humbled and feel quite remorse
Or face the creator's wrath, if he pursues his present course.

On the morrow, the stars will shine, the birds will sing
The wind will rustle the trees, to herald spring
And as dawn breaks, with the eagles will we soar
Perfecting our weary journey, up, up, to reach eternal bliss forever more

**MERYL ABRAHAM**
(cathedral Sunday School Student)

*Sponsored by:*

**CHERIYAN VARKEY CONSTRUCTION CO (P) LTD**

## സഹായധനം നൽകി

പക്കോമിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നമ്മുടെ ഇടവക 25,000 രൂപ വിലവരുന്ന അരി, പയർ, കടല എന്നിവ നൽകി. മൂവാറ്റുപുഴ താലൂക്കിൽപ്പെട്ട വിവിധ സർക്കാർ ആശുപത്രിയിലെ ഉച്ചഭക്ഷണവിതരണമാണ് അവർ നടത്തുന്നത്. സഹകരിച്ച എല്ലാവർക്കും നന്ദി.

## അഭിനന്ദനങ്ങൾ



ശ്രീ. ചാക്കോ ഫിലിപ്പിന്റെയും മറിയാമ്മ ചാക്കോയുടെയും മകൾ ക്രിസ്റ്റിന മറിയം ചാക്കോ ശലഭമേള 2010 ഹയർ സെക്കൻഡറി (നിറതരംഗം) വിഭാഗത്തിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ശലഭറാണി ആയി തിരഞ്ഞെടുക്കപ്പെട്ടു. നമ്മുടെ ഇടവകാംഗവും ചർച്ച് സൺഡേ സ്കൂൾ വിദ്യാർത്ഥിനിയുമാണ്.



പ. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് മർത്തമറിയസമാജം അഖിലമലങ്കരഅടിസ്ഥാനത്തിൽ 2011 ഫെബ്രുവരി 12-ാം തീയതി കോട്ടയം പഴയസെമിനാരിയിൽ വച്ച് നടത്തിയ പ്രസംഗമത്സരത്തിൽ സൂപ്പർ സീനിയർ വിഭാഗത്തിൽ കൊച്ചി ഭദ്രാസനത്തെ പ്രതിനിധീകരിച്ച് നമ്മുടെ ഇടവകാംഗം ശ്രീമതി എലിസബേത്ത് കോശി (മോളി) ഒന്നാംസ്ഥാനം നേടി.

## വിശേഷ ദിവസങ്ങൾ

**മാർച്ച്**

| | | |
|---|---|---|
| 7 തിങ്കൾ | : | വലിയ നോമ്പാരംഭം |
| 13 ഞായർ | : | ഗർബോ-കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 17 വ്യാഴം | : | പൗലോസ് മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| 20 ഞായർ | : | മശ്റിയോ - തളർവാതരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 25 വെള്ളി | : | വചനിപ്പു പെരുന്നാൾ |
| 27 ഞായർ | : | ക്നാനൊയിത്തോ - ക്നാനായക്കാരിയുടെ മകളെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 30 ബുധൻ | : | പാതിനോമ്പ് |

**ഏപ്രിൽ**

| | | |
|---|---|---|
| 3 ഞായർ | : | ക്ഫിഫ്തോ കൂനിയെ സൗഖ്യമാക്കിയ ഞായറാഴ്ച |

## വിവാഹം



1) പച്ചാളം അന്തിക്കാട്ട് ശ്രീ. എ.ടി. ഗീവറിന്റെയും ശ്രീമതി സിസിലി ഗീവറിന്റെയും മകൻ പ്രിജിത് ഗീവറും കൊൽക്കത്ത കാഞ്ഞിരക്കാട്ട് ശ്രീ. കെ.സി. ഇടിക്കുളയുടെയും ശ്രീമതി സൂസമ്മ ഇടിക്കുളയുടെയും മകൾ പ്രിസ്റ്റി ഇടിക്കുളയും തമ്മിലുള്ള വിവാഹം 12-02-2011 ൽ കത്തീഡ്രലിൽ നടന്നു.



2. കടവന്ത്ര കാവുങ്കൽ പുത്തൻപുരയിൽ ശ്രീ. കെ. പി. ചാക്കോയുടെയും ശ്രീമതി ലീലാമ്മ ചാക്കോയുടെയും മകൾ നിഷ ചാക്കോയും മുളന്തുരുത്തി കൂമുള്ളിൽ ശ്രീ പൗലോസിന്റെയും ശ്രീമതി അന്നമ്മ പൗലോസിന്റെയും മകൻ ബിനു പൗലോസും തമ്മിലുള്ള വിവാഹം വെട്ടിക്കൽ സെന്റ് തോമസ് ദയറാ ചാപ്പലിൽ 27-02-2011 ൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതനായി



തേവര അപ്പിലിമഠം ശ്രീ മാത്യൂ ഫിലിപ്പ് (77) 10-2-2011 ൽ നിര്യാതനായി.

11-2-2011ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***